നം. എ.ഇ(4) 330/2014.

കൃഷി അസി.. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്
മലമ്പുഴ, പാലക്കാട്, തീയതി. 14-10-2014

# കേരള സർക്കാർ

## *ലഘു ദർഘാസ് പരസ്യം*

കേരള ഗവർണ്ണർക്കു വേണ്ടി മലമ്പുഴ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവൃത്തികൾക്ക് 06-11-2014.-ന് വൈകുന്നേരം 3 മണിവരെ അംഗീകൃത കരാറുകാരിൽനിന്നും സീലുചെയ്ത മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. അന്നേ ദിവസം വൈകുന്നേരം 3.30-ന് മലമ്പുഴ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് ദർഘാസ് വ്യവസ്ഥകൾക്കു വിധേയമായി ദർഘാസുകൾ സ്ഥിരപ്പെടുത്തുന്നതുമാണ്.

| ക്ര. നം | പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | നിരത ദ്രവ്യം | ദർഘാസ് വില | പണി തീർക്കേണ്ട കാലാവധി |
|---|---|---|---|---|
| | **ഓറഞ്ച് ആൻറ് വെജിറ്റബിൾ ഫാം, നെല്ലിയാമ്പതി** | | | |
| 1 | ട്രൈനിങ്ങ് ഹാളിൻെറ ഇലക്ട്രിഫിക്കേഷൻ - 73,000/- രൂപ | 2,000.00 | 400 + VAT | 30 ദിവസം |
| 2 | ഫാം സൂപ്രണ്ടിൻെറ ക്വാർട്ടേഴ്സ് റീവയറിങ്ങ് 1,17,000/- രൂപ | 3,000.00 | 400 + VAT | 45 ദിവസം |
| 3 | ലേബർ പാടി (ഡ്യൂപ്ലക്സ്) ഇലക്ട്രിഫിക്കേഷൻ 97,000/- രൂപ | 2,500.00 | 400 + VAT | 30 ദിവസം |
| 4 | ലേബർ ക്വാർട്ടേഴ്സ് (5 എണ്ണം) റീവയറിങ്ങ് 1,97,000/- രൂപ | 5,000.00 | 400 + VAT | 45 ദിവസം |
| 5 | ലേബർ ക്വാർട്ടേഴ്സ് (5 എണ്ണം) റീവയറിങ്ങ് 2,00,000/- രൂപ | 5,000.00 | 400 + VAT | 45 ദിവസം |
| 6 | കൃഷി ഓഫീസറുടെ ക്വാർട്ടേഴ്സ് റീവയറിങ്ങ് 1,01,000/- രൂപ | 3,000.00 | 400 + VAT | 45 ദിവസം |
| 7 | സെയിൽസ് കൗണ്ടറിൻേറയും വാച്ച്മാൻ റൂമിൻേറയും ഇലക്ട്രിഫിക്കേഷൻ 2,00,000/- രൂപ | 2,000.00 | 400 + VAT | 45 ദിവസം |
| | **ഐ.എസ്.ഡി ഫാം, എരുത്തേമ്പതി** | | | |
| 8 | ഓഫീസ് ബിൽഡിങ്ങിൻെറ ഇലക്ട്രിഫിക്കേഷൻ 1,64,000/- രൂപ | 4,200.00 | 400 + VAT | 45 ദിവസം |
| 9 | സ്റ്റാഫ് ക്വാർട്ടേഴ്സ് 2,3 എന്നിവയുടേ റീവയറിങ്ങ് 1,67,000/- രൂപ | 4,200.00 | 400 + VAT | 45 ദിവസം |
| 10 | സ്റ്റാഫ് ക്വാർട്ടേഴ്സ് നം. 1-ൻെറ റീവയറിങ്ങ് 88,000/- രൂപ | 2,500.00 | 400 + VAT | 30 ദിവസം |

ദർഘാസ് ഫോറങ്ങളും മറ്റു വിശദ വിവരങ്ങളും മലമ്പുഴ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 06-11-2014..-ന് ഉച്ചയ്ക്ക് 1 മണിവരെ ഓഫീസ് സമയങ്ങളിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും പണം അടച്ച് രേഖാമൂലം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്.

അംഗീകൃത കരാറുകാർ അവരുടെ റജിസ്ട്രേഷൻ കാർഡുകൾ കാണിച്ചാൽ മത്രമേ ദർഘാസുകൾ ലഭിക്കുകയുള്ളൂ കരാറുകാർ ദർഘാസ് ഫോറങ്ങൾ പരസ്പരം കൈമാറുവാൻ പാടുള്ളതല്ല, നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്നതോ ആവശ്യമായ നിരദദ്രവ്യം കെട്ടിവെയ്ക്കാത്തതോ ആയ എല്ലാ ദർഘാസുകളും നിരസിക്കുന്നതായിരിക്കും. മറ്റു സർക്കാർ വകുപ്പുകളിലെ ദർഘാസുകളെ സംബന്ധിക്കുന്ന എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്.

യാതൊരു കാരണവും കാണിക്കാതെ ഏതെങ്കിലും ഒന്നോ അല്ലെങ്കിൽ മുഴുവനായോ ദർഘാസുകൾ തിരസ്കരിക്കാനുള്ള അധികാരം കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ഓരോ ദർഘാസിനോടൊപ്പം 100 രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി സമർപ്പിക്കേണ്ടതാണ്.

കൃഷി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ
മലമ്പുഴ

പകർപ്പ്: 1) കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് (ഉപരി പത്ര സഹിതം)
2) പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട് (ഉപരിപത്ര സഹിതം)
3) നോട്ടീസ് ബോർഡ്.
4) സൂപ്രണ്ട്, ഓറഞ്ച് & വെജിറ്റബിൾ ഫാം നെല്ലിയാമ്പതി /ഐ.എസ്.ഡി ഫാം, എരുത്തേമ്പതി.
5) അസി. എക്സി. എഞ്ചിനീയർ, പി.ഡബ്ലൂ.ഡി ഇലക്ട്രിക്കൽ സബ്ഡിവിഷൻ, പാലക്കാട്.

OFFICE OF THE ASST. EXECUTIVE ENGINEER (AGRI) MALAMPUZHA